# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം – Sri. Favas P.A. - ജയിൽ വകുപ്പിൽ പി.ഡി. ടീച്ചർ (മെയിൽ ഒൺലി) തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : തിരുവനന്തപുരം പി.എസ്.സി. സെക്രട്ടറിയുടെ 31.07.2024 തീയതിയിലെ R1C-1/14/2024-KPSC നമ്പർ നിയമന ശിപാർശ.

**<u>ഉത്തരവ് നമ്പർ. E1-21237/2022/PrHQ; തീയതി : 16-08-2024</u>**

പരാമർശത്തിലെ പി.എസ്.സി.യുടെ പി.ഡി. ടീച്ചർ (മെയിൽ ഒൺലി) തസ്തികയിലെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ Sri. FAVAS P.A., PULIYAPPILLITHAZHATHU HOUSE, MUDICKAL, ERNAKULAM - 683547നെ ജയിൽ വകുപ്പിൽ, കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമിലെ പി.ഡി. ടീച്ചർ (മെയിൽ ഒൺലി) തസ്തികയിൽ 31,100-66,800 ശമ്പളസ്കെയിലിൽ താൽക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം താങ്കൾ ചുവടെ ചേർക്കുന്ന രേഖകളുമായി കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം സൂപ്രണ്ട് മുമ്പാകെ ഹാജരാകേണ്ടതാണ്.

1. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, മേൽവിലാസം എന്നിവയുടെ ഒറിജിനൽ.
2. അടുത്തിടെ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.
3. 30.06.2011 തീയതിയിലെ ജി.ഒ. (പി) നം.20/2011/P&ARD എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം, സർക്കാർ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോയും, വിരലടയാളവും പതിച്ച മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.
4. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോൺഡക്ട് സർട്ടിഫിക്കറ്റ്.

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1958 ലെ റൂൾ 3(c) 9(a), 10 (b) എന്നീ റൂളുകൾക്ക് വിധേയമായി താങ്കളുടെ നിയമനം തികച്ചും താൽക്കാലികമായിരിക്കും. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റേയും പോലീസ് പരിശോധനാ റിപ്പോർട്ടിനും വിധേയമായിരിക്കും സേവനം സ്ഥിരപ്പെടുത്തുന്നത്. ടി റിപ്പോർട്ടുകൾ പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

ഏതെങ്കിലും കാരണത്താൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ സേവനത്തിൽ നിന്നും പിരിച്ചുവിടുന്ന പക്ഷം, താങ്കൾ നിയമന ശുപാർശ ചെയ്ത കേരള പി.എസ്.സി. ഓഫീസിൽ പുനർ നിയമനത്തിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതോ, അല്ലെങ്കിൽ ഈ വകുപ്പിൽ പ്രസ്തുത തസ്തികയിൽ ഒഴിവ് വരുന്നതുവരെ പുനർ നിയമനത്തിനായി നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്. (സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.3737/Rules-1/90/P&ARD, dated:29.03.1990 & GO(P)No.7/91/P&ARD, dated:15.02.1991))

സർവ്വീസിൽ പ്രവേശിച്ചശേഷം സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തുന്നത് സംബന്ധിച്ചുള്ള 30.12.1991 G.O.(P) No. 45/91/P & ARD എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ (ബാധകമാകുന്നുവെങ്കിൽ) പാലിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (P) നമ്പർ 149/2013/ഫിൻ തീയതി 03.04.2013 പ്രകാരം 01.04.2013നോ അതിനുശേഷമോ പുതിയ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് കേരള സർവ്വീസ് റൂൾസ് പാർട്ട് III പെൻഷൻ സ്കീമിൽ തുടരുന്നതിന് സർക്കാർ ഉത്തരവ് (P) നമ്പർ 209/2013/ഫിൻ തീയതി 07.05.2013ന്റെ കൂടെ കൊടുത്തിരിക്കുന്ന ഓപ്ഷൻ, ജോലിയിൽ പ്രവേശിച്ച് മൂന്ന് മാസത്തിനുള്ളിൽ നൽകാവുന്നതാണ്.

നിശ്ചിത സമയപരിധിക്കുള്ളിൽ ജോലിക്ക് ഹാജരാകാത്തപക്ഷം, യാതൊരു അറിയിപ്പും കൂടാതെ താങ്കളുടെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: Sri. FAVAS P.A.,
PULIYAPPILLITHAZHATHU HOUSE,
MUDICKAL, ERNAKULAM - 683547.

പകർപ്പ് : 1. സെക്രട്ടറി,
കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ,
തിരുവനന്തപുരം.
2. സൂപ്രണ്ട്,
സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം, കണ്ണൂർ -
(നിയമനശുപാർശയുടെയും, വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു)
SAO/PA to DGP/SS(E)/OC/SF